പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3058

07/11/2019-ൽ
മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. പ്രദീപ്കുമാർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. വി. ജോയി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുദ്രാവാക്യം സാധൂകരിക്കുന്ന രീതിയിൽ ഈ മേഖലയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ; | (എ) അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുദ്രാവാക്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, നൂതന വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതിന്റെ ഫലമായി കുട്ടികളുടെ പൊതുപരീക്ഷകളിലെ പ്രകടനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2016-17 വർഷത്തിൽ നിന്നും 2018-19 വർഷത്തിൽ എത്തുമ്പോൾ പൊതുപരീക്ഷകളിലെ (പത്താം ക്ലാസ്സ്, ഹയർ സെക്കന്ററി) വിജയശതമാനത്തിലും A+ കളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട് |
| (ബി) കണക്ക്, ഇംഗ്ലീഷ്, ശാസ്ത്ര വിഷയങ്ങൾ എന്നിവയോട് താല്പര്യം ഉളവാക്കുന്നതിനും ആ വിഷയങ്ങളിലെ ശേഷി വർദ്ധനവിനും പ്രത്യേകം പദ്ധതികൾ ഉണ്ടോ; | (ബി) ഉണ്ട്. ഗണിതത്തിന് ഉല്ലാസ ഗണിതം, ന്യൂമാറ്റ്സ്, ഇംഗ്ലീഷിന് ഹലോ ഇംഗ്ലീഷ്, ശാസ്ത്രത്തിന് ശാസ്ത്രഫലം, സാമൂഹ്യശാസ്ത്രത്തിന് സ്റ്റെപ്പ് എന്നീ പരിപോഷണ പരിപാടികൾ നടത്തുന്നുണ്ട്. |
| (സി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനശേഷി ഉയർത്തുന്നതിന് നടപ്പാക്കി വരുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയാണ് ശ്രദ്ധ. കൂടാതെ ഗണിതത്തിന് ഉല്ലാസ ഗണിതം, ന്യൂമാറ്റ്സ്, ഇംഗ്ലീഷിന് ഹലോ ഇംഗ്ലീഷ്, ശാസ്ത്രത്തിന് ശാസ്ത്രഫലം, സാമൂഹ്യശാസ്ത്രത്തിന് സ്റ്റെപ്പ് എന്നീ പരിപോഷണ പരിപാടികൾ നടത്തുന്നുണ്ട്. |

(ഡി) പഠന നിലവാരം കൈവരിക്കാൻ ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഒമ്പത്, പത്ത് ക്ലാസുകളിലേക്കും ഹയർ സെക്കന്ററി ക്ലാസുകളിലേക്കും കൂടി ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

Namitha P

**സെക്ഷൻ ഓഫീസർ**